പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.86 11.06.2014 ലെ മറുപടിയ്ക്ക്

## 'ഗ്രേറ്റ് വാട്ടേഴ്സ് കാമ്പെയ്ൻ ' പരിപാടിക്ക് ലഭിച്ച പുരസ്കാരവും തുടർന്നുള്ള ഉത്തരവാദിത്വങ്ങളും

| ചോദ്യം<br>ശ്രീ. എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. സി.മോയിൻകുട്ടി<br>ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി<br>ശ്രീ പി.ഉബൈദുള്ള | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | വിനോദസഞ്ചാരവകുപ്പിന്റെ 'ഗ്രേറ്റ് വാട്ടേഴ്സ് കാമ്പെയ്ൻ ' എന്ന പ്രചാരണ പരിപാടിക്ക് ലഭിച്ച ഗോൾഡൻ സിറ്റി ഗേറ്റ് സുവർണ്ണ പുരസ്കാരത്തിന്റെ പ്രയോജനം നിലനിർത്താൻ എന്തൊക്കെ ഉത്തരവാദിത്വങ്ങൾ വകുപ്പ് ഏറ്റെടുക്കണമെന്നതു സംബന്ധിച്ച വിശദമായ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ; | എ) | കേരളത്തിലെ ബാക്ക് വാട്ടേഴ്സിന്റെ മനോഹാരിത ആസ്വദിക്കുന്നത് വിനോദ സഞ്ചാര അനുഭവത്തിലെ സുഖകരമായ അനുഭവമായിരിക്കുമെന്ന് ലോകത്തെ അറിയിക്കുന്നതിന് വേണ്ടിയാണ് ബാക്ക് വാട്ടേഴ്സ് കാമ്പെയ്ൻ ലക്ഷ്യമിട്ടത്. ബാക്ക് വാട്ടേഴ്സിന്റെ മനോഹാരിത ലോകമെമ്പാടും അറിയിക്കുന്നതിനുള്ള പരസ്യ പ്രചാരണ പരിപാടികൾ തുടർന്നു വരുന്നു. ഇതോടനുബന്ധിച്ച് ഏരിയൽ ഷൂട്ടിംഗ് മുഖേന ബാക്ക് വാട്ടർ ഫിലിം നിർമ്മിക്കുകയും കേരളത്തിനകത്തും പുറത്തുമുള്ള മാളുകളിൽ പരസ്യ പ്രചാരണം നടത്തുകയും ചെയ്യുന്നു. കൂടാതെ ഐ.റ്റി.ബി. ഇന്റർനാഷണൽ ഫെയറുകളിലെ കേരളാ ടൂറിസത്തിന്റെ പവലിയനിൽ ബാക്ക് വാട്ടർ തീമിന്റെ വീഡിയോ ദൃശ്യങ്ങൾ ഉൾപ്പെടുത്തി വിപുലമായ പ്രചരണം നടത്തിവരുന്നു. കേരളത്തിന്റെ തനതായ ഒരു ഉൽപ്പന്നം എന്ന നിലയിൽ തുടർന്നും വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നതാണ്. |
| ബി) | ഉൾനാടൻ ജലാശയങ്ങളും, അനുബന്ധ ജലപാതകളും, മാലിന്യ വിമുക്തമാക്കാനും, കൈയേറ്റംമൂലമുള്ള വിസ്തൃതിക്കുറവും, പാരിസ്ഥിതിക പ്രശ്നങ്ങളും, സഞ്ചാരികളുടെ സുരക്ഷയും ഉറപ്പാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | ബി) | ഉൾനാടൻ ജലാശയങ്ങളും, അനുബന്ധ ജലപാതകളും മാലിന്യ വിമുക്തമാക്കാനുള്ള പദ്ധതിക്ക് ടൂറിസം വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ വിവക്ഷിച്ചിട്ടുണ്ട്. ഇപ്പോൾ തന്നെ ഉൾനാടൻ ജലാശയങ്ങളും, അനുബന്ധ ജലപാതകളും, ഉൾപ്പെടുന്ന ടൂറിസം കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കാനുള്ള പദ്ധതികൾ കുടുംബശ്രീയുമായി ചേർന്ന് ജില്ലാഭരണകൂടങ്ങൾ വഴി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | ജലാശയങ്ങൾ ഉൾപ്പെടെയുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതികളിൽ വിവിധ എൻ.ജി.ഒ. കളുടെയും, സ്വയംഭരണ സ്ഥാപനങ്ങളുടെയും, സ്വയം സഹായ സംഘങ്ങളുടെയും പങ്കാളിത്തത്തോടെ 'കേരള വേസ്റ്റ് ഫ്രീ ഡെസ്റ്റിനേഷൻ (KWFD)' എന്ന പേരിൽ പ്രചാരണ പരിപാടികൾ ആരംഭിക്കുന്നതിനും ബഹു. ടൂറിസം വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ ഒരു ടാസ്ക് ഫോഴ്സ് ഫോർ ഇഫക്ടീവ് കാമ്പെയ്ൻ രൂപീകരിക്കുന്നതിനും ഇതിൽ ടൂറിസം വകുപ്പിലെയും, തദ്ദേശസ്വയംഭരണ വകുപ്പിലെയും, ശുചിത്വമിഷനിലെയും, സ്വയം സഹായ സംഘങ്ങളിലേയും, വിവിധ എൻ.ജി.ഒ.കളിലെയും, ടൂറിസം വ്യവസായത്തിലെയും, പ്രതിനിധികൾ ഉണ്ടായിരിക്കുന്നതിനുമുള്ള നിർദ്ദേശം പുതിയ ടൂറിസം നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഉൾനാടൻ ജലാശയങ്ങളിലെയും അനുബന്ധ ജലപാതകളിലെയും കയ്യേറ്റം മൂലമുള്ള വിസ്തൃതിക്കുറവ്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള നടപടികൾ ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ വകുപ്പുമാണ് കൈക്കൊള്ളേണ്ടത്. സഞ്ചാരികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്. ടൂറിസം വാർഡൻമാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പ് വരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, ടൂറിസം കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി 'ജീവൻ രക്ഷാ സന്നദ്ധ സേവകൻ ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനും പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തിട്ടുണ്ട്.<br>ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നൽകിയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നത് പരിഗണിക്കുന്നതാണ്. എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും 'ടൂറിസ്റ്റ് വാർഡൻ ' പദ്ധതി നടപ്പിലാക്കുന്നതിനും വിനോദസഞ്ചാരികളെ ബാധിക്കുന്ന അടിയന്തര സാഹചര്യങ്ങളെ |

| | | | |
|---|---|---|---|
| | | | നേരിടുന്നതിനായി ഇത്തരം ആകസ്മികതകളിൽ അടിയന്തരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിൻജൻസി റെസ്പോൺസ് സെൽ ' സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ